ഉത്തരം

സപ്ലൈകോ മാവേലി സ്റ്റോറുകളിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ സാധനങ്ങൾ ഹെഡ് ഓഫീസ് തലത്തിലും ഡിപ്പോതലത്തിലും ആണ് വാങ്ങി വരുന്നത്. ഹെഡ് ഓഫീസ് തലത്തിൽ ഇ-ടെൻഡർ മുഖേനയാണ് വാങ്ങുന്നത്. ആയതിന് ഗുണനിലവാര നിബന്ധനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയതിന് ജീവനക്കാർ കൂട്ടുനിന്നതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഡിപ്പോകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി ശേഖരിക്കുന്ന സാമ്പിളുകളിൽ എന്തെങ്കിലും ഗുണമേന്മ വ്യത്യാസം കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ/ സപ്ലെയർമാർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

234(3159) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽ എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) മുഴുവൻ കർഷകരുടെയും സംഭരണ വില പൂർണ്ണമായും കൊടുത്ത് കഴിഞ്ഞോ ; ഇനി എത്ര കോടി രൂപയാണ് കൊടുക്കാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) സപ്ലൈകോ സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സീസണിൽ (2014-15 ഒന്നാം വിള) പാലക്കാട് ജില്ലയിൽനിന്നും 4-12-2014 വരെ 82834.276 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെൽ വിലയായി 140.25 കോടി രൂപ ഇതുവരെ (4-12-2014 വരെ) കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കുടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

(സി) സംസ്ഥാന സർക്കാരിൽനിന്നും നെല്ല് സംഭരണ സബ്സിഡി ഇനത്തിൽ 150.93 കോടി രൂപ സപ്ലൈകോയ്ക്ക് നൽകുവാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

പാലക്കാട് ജില്ലയിൽ സപ്ലൈകോ നെല്ല് സംഭരണം

235(3160) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ടോ ; ഉണ്ടെങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട് ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയുള്ള കാലയളവിൽ എത്ര നെല്ല് സംഭരിച്ചു ; എന്ത് തുക നൽകി ; അക്കാലയളവിലെ കുടിശ്ശിക നിലവിലുണ്ടോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചു ; എന്ത് തുക കർഷകർക്ക് നൽകി ; എത്ര കുടിശ്ശികയുണ്ട് ;

(ഡി) കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കും ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സീസണിൽ പാലക്കാട് ജില്ലയിൽനിന്നും 82834.276 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. നെൽവിലയായി 140.25 കോടി രൂപ ഇതുവരെ കർഷകർക്ക് നൽകിക്കഴിഞ്ഞു. ഇനി കുടിശ്ശികയായി 17.12 കോടി രൂപ നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly